നം.എച്ച്.2/89773/2017/ഡി.പി.ഐ/താ.തീ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 16.12.2017

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർ,
കോഴിക്കോട്

സർ,

വിഷയം:-പൊതുവിദ്യാഭ്യാസം - എയ്ഡഡ് - സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം - സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന:-1)താങ്കളുടെ 15/11/2017 ലെ കത്ത് നമ്പർ ബി.4/13322/2017
2)03/12/2016 ലെ ജി.ഒ(പി) നമ്പർ 199/2016/പൊ.വി.വ.
3)28/06/2017 ലെ സ.ഉ(സാധാ) നമ്പർ 2079/2017/പൊ.വി.വ.

സൂചന കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(4) പ്രകാരം ഒരു അക്കാദമിക വർഷമോ അതിലധികമോ ദൈർഘ്യമുള്ള അവധി ഒഴിവുകളിൽ മാത്രമേ സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതുള്ളൂ. എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതലുള്ളതും എന്നാൽ ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ താൽക്കാലിക ഒഴിവുകളിൽ 2017-18 വർഷം ദിനവേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകിയ സൂചന 3 ലെ ഉത്തരവിലും ഇത്തരം ഒഴിവുകളിൽ സംരക്ഷിതാധ്യാപക രുണ്ടെങ്കിൽ അവരെ നിയമിക്കണമെന്നു പറയുന്നില്ല. ആയതിനാൽ പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകരുള്ള മാനേജുമെന്റുകളിലെ സ്കൂളുകളിലും 2017-18 അധ്യയന വർഷം 30 ദിവസത്തിൽ കൂടുതലുള്ളതും ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ ഒഴിവുകളിൽ ദിനവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അയതിന് അംഗീകാരം നൽകാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**പകർപ്പ്** -

1)എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2)എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും